/470997/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ. തിരുവനന്തപുരം
നമ്പർ: DT/426/2023-C1 തീയതി: 04-09-2023

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ – SCVT ട്രേഡുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് അഡ്മിഷൻ ക്ലോസിംഗ് സമയപരിധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. SCVT ട്രേഡുകളുള്ള ഐടിഐകളിലെ പ്രിൻസിപ്പാൾമാരുടെ കത്തുകൾ
2. കുളത്തൂപ്പുഴ ഐടിഐ പ്രിൻസിപ്പാളിന്റെ 23.08.2023 ലെ ITI-KPZA/42/2023-K3 നമ്പർ കത്ത്

*********

2023 വർഷത്തെ ഐടിഐ അഡ്മിഷൻ ക്ലോസിംഗ് 31.08.2023 വരെയാണ് DGT നിലവിൽ നിശ്ചയിച്ചിട്ടുള്ളത്, SCVT അഡ്മിഷൻ ക്ലോസിംഗിനും സമാന തീയതിയാണ് നിശ്ചയിക്കാറുള്ളത്. NCVT സ്കീമിലെ ട്രേഡുകൾക്ക് DGT യിൽ നിന്ന് അഡ്മിഷൻ ക്ലോസിംഗ് തീയതി ദീർഘിപ്പിക്കുവാൻ സാധ്യതയുള്ളതിനാലും, SCVT ട്രേഡുകളിലെ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ അഡ്മിഷൻ ക്ലോസിംഗ് തീയതി ദീർഘിപ്പിക്കണമെന്ന് സൂചന (1) പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുള്ളതിനാലും SCVT **ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി 25.09.2023 വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു.**

ഓൺലൈൻ മുഖേനെയുള്ള അപേക്ഷകൾ പരിഗണിച്ചതിനു ശേഷവും SCVT ട്രേഡുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന ഐടിഐകൾ ടി ഒഴിവുകൾ നികത്തുന്നതിനായി പുതിയതായി (ഓഫ് ലൈനായി) അപേക്ഷ ക്ഷണിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകൾ 19.09.2023 വരെ സ്വീകരിക്കാവുന്നതും തുടർന്ന് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.

പുതിയതായി അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച് പരസ്യങ്ങൾ ദൃശ്യ/ശ്രവ്യ/അച്ചടി മാധ്യമങ്ങളിലൂടെ പ്രാദേശികമായി നൽകേണ്ടതാണ്. SC/ST വിഭാഗങ്ങളിലെ സംവരണ സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ആയതിലേക്ക് പ്രത്യേകം പരസ്യം നൽകേണ്ടതാണ്.

കുളത്തൂപ്പുഴ ഐടിഐയിലെ RPL വിഭാഗത്തിലെ സംവരണ സീറ്റുകളിലേക്ക് അഡ്മിഷനു

വേണ്ടി വീണ്ടും അപേക്ഷ ക്ഷണിച്ചിട്ടും ടി വിഭാഗത്തിൽ കുട്ടികളെ ലഭ്യമാകാത്ത സാഹചര്യമുള്ളതിനാൽ അവശേഷിക്കുന്ന സീറ്റുകളിലേക്ക് പൊതു വിഭാഗത്തിൽ നിന്നും പ്രവേശനം നൽകുന്നതിനുള്ള അനുമതിക്കായി സൂചന (2) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് പൊതു വിഭാഗത്തിൽനിന്നും സീറ്റുകൾ നികത്തുന്നതിന് അനുമതി നൽകുന്നു.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :- എല്ലാ SCVT ട്രേഡുകളുള്ള ഐടിഐ പ്രിൻസിപ്പാൾമാർക്ക്
പകർപ്പ് :- എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്ക്